"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്-മലപ്പുറം ജില്ലയിലെ വേങ്ങര പഞ്ചായത്തിലെ ബാക്കിക്കയം റെഗുലേറ്ററിന്റെ പ്രവർത്തനവും പരിപാലനവും -ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം.ഐ) വകുപ്പ്**

സ.ഉ.(സാധാ) നം.421/2024/WRD തീയതി,തിരുവനന്തപുരം, 04-06-2024

---

പരാമർശം:-

1. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 22.06.2023,27.09.2023 തീയതികളിലെ ഡബ്ല്യു6/11709/2014//TS നമ്പർ കത്തുകൾ
2. കേരള വാട്ടർ അതോറിറ്റിയുടെ പ്രോജക്റ്റ് ആന്റ് ഓപ്പറേഷൻസ് ചീഫ് എഞ്ചിനീയറുടെ 10/01/2024-ലെ KWA-JB/3127/2023-AE 2 നമ്പർ കത്ത്
3. ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വകുപ്പ് മേധാവികളുമായി 27.01.2024 -ന് നടത്തിയ യോഗത്തിലെ നടപടിക്രമം.
4. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 15 .04 .2024 തീയതിയിലെ CEIA/5710/2023 നമ്പർ കത്ത്.

**ഉത്തരവ്**

ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന വേങ്ങര പഞ്ചായത്തിലെ പാണ്ടികശാലയ്ക്ക് സമീപം കടലുണ്ടിപ്പുഴയ്ക്ക് കുറുകെയുള്ള ബാക്കിക്കയം റെഗുലേറ്ററിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ജലനിധിയും M/s Seguro Foundations Pvt. limited 27/635 A4,2nd floor Chakkappadam Centre Edappally P.O-യും തമ്മിൽ എഗ്രിമെന്റ് വച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ മേൽനോട്ട ചുമതല മൈനർ ഇറിഗേഷൻ വകുപ്പിനാണ്.നിലവിൽ പ്രവൃത്തി 96.72% പൂർത്തീകരിച്ചിട്ടുണ്ടെന്നും റഗുലേറ്ററിന്റെ പരിപാലനം യഥാസമയം നടത്തേണ്ടതുണ്ടെന്നും നിലവിലെ അവസ്ഥ തുടർന്നാൽ നിർമ്മിതി ഉപയോഗശൂന്യമാകുന്നതാണെന്നും ആയതിനാൽ ബാക്കിക്കയം റഗുലേറ്ററിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളണമെന്നും പരാമർശം1-ലെ കത്ത് മുഖേന ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിനെ അറിയിച്ചിരുന്നു.

2. റെഗുലേറ്ററിന്റെ പരിപാലനത്തിനുള്ള സാങ്കേതിക വൈദഗ്ധ്യവും പരിചയവും കേരള വാട്ടർ അതോറിറ്റിയ്ക്ക് ഇല്ലാത്തതിനാൽ പ്രസ്തുത റെഗുലേറ്ററിന്റെ പരിപാലനം തുടർന്നും ഇറിഗേഷൻ വകുപ്പ് തന്നെ നിർവ്വഹിക്കുന്നതാണ് ഉചിതമെന്ന് പരാമർശം2-ലെ കത്ത് മുഖേന കേരള വാട്ടർ അതോറിറ്റി പ്രൊജക്റ്റ് ആന്റ് ഓപ്പറേഷൻസ് ചീഫ് എഞ്ചിനീയർ സർക്കാരിനെ അറിയിച്ചിരുന്നു.

3.പരാമർശം3 പ്രകാരം നടന്ന അവലോകന യോഗത്തിൽ ഇക്കാര്യം വിശദമായി

പരിശോധിക്കുകയും ബാക്കിക്കയം റെഗുലേറ്ററിന്റെ പ്രവർത്തനവും പരിപാലനവും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ഏറ്റെടുക്കണമെന്ന് തീരുമാനിക്കുകയുമുണ്ടായി.

4.ബാക്കിക്കയം റെഗുലേറ്ററിന്റെ പ്രവർത്തനവും പരിപാലനവും ജലസേചനവകുപ്പിന് കൈമാറിയത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉത്തരവ് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 4 പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു .

5. .മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ വേങ്ങര പഞ്ചായത്തിലെ ബാക്കിക്കയം റെഗുലേറ്ററിന്റെ പ്രവർത്തനവും പരിപാലനവും (Operation and Maintenance) നിർവ്വഹിക്കുന്നതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ,ജലസേചനവും ഭരണവും, തിരുവനന്തപുരം
2. ചീഫ് എഞ്ചിനീയർ,പ്രോജക്റ്റ് ആന്റ് ഓപ്പറേഷൻസ്
കേരള വാട്ടർ അതോറിറ്റി,തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്) കേരളം, തിരുവനന്തപുരം
4. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sandhya S Nair
Date: 04-06-2024 16:07:33
സെക്ഷൻ ഓഫീസർ

പകർപ്പ്.
ജലവിഭവവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ജലവിഭവവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്